# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *553** **04.07.2019-ൽ മറുപടിയ്ക്ക്**

## റോഡ് നിർമ്മാണത്തിന് മുന്നോടിയായി ശാസ്ത്രീയ പഠനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റോഡ് നിർമ്മാണത്തിന് മുന്നോടിയായി നടത്തേണ്ട ശാസ്ത്രീയ പഠനത്തിന്റെ അഭാവമാണ് സംസ്ഥാനത്തെ റോഡുകൾ വളരെപ്പെട്ടെന്ന് പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതാകുന്നതിന് കാരണമാകുന്നത് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(ബി) റോഡ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം, മണ്ണിന്റെ പ്രത്യേകത, വെള്ളക്കെട്ടിന്റെ സാന്നിദ്ധ്യം എന്നിവയൊക്കെ പഠന വിധേയമാക്കിയാണോ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന് കീഴിൽ നിലവിൽ പ്രോജക്ടുകളിലും, കിഫ്ബി, മലയോര ഹൈവേ തുടങ്ങിയ പ്രവൃത്തികളിലും മണ്ണിന്റെ പ്രത്യേകത, വാഹനങ്ങളുടെ എണ്ണം, വെള്ളക്കെട്ടിന്റെ സാന്നിദ്ധ്യം എന്നിവയൊക്കെ പഠന വിധേയമാക്കിയശേഷം ഡിസൈൻ ചെയ്താണ് റോഡുകൾ നിർമ്മിക്കുന്നത്. എന്നാൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കേണ്ട സാധാരണ ഉപരിതലം പുതുക്കൽ പ്രവൃത്തികൾ സാധാരണ ഗതിയിലാണ് ചെയ്യുന്നത് എങ്കിലും ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണെന്ന് തോന്നുന്ന സാഹചര്യത്തിൽ ആവശ്യമായ പഠനങ്ങൾ നടത്താറുമുണ്ട്. നിലവിലെ ദേശീയപാതകളുടെ വികസനം വിദഗ്ധ കൺസൾട്ടന്റ് മുഖാന്തിരം വിശദ പദ്ധതി രൂപരേഖ തയ്യാറാക്കിയാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | വകുപ്പിൽ ഇതിനായി നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | (സി) | പ്രധാന പ്രവൃത്തികളുടെയെല്ലാം ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ നടത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഡിസൈൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന്റെ സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഇൻവെസ്റ്റിഗേഷനും, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കലും പൊതുമരാമത്ത് ഡിസൈൻ വിഭാഗം മുഖേന തന്നെ നടപ്പിലാക്കാറുണ്ട്. ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം നിഷ്കർഷിക്കുന്ന യോഗ്യതയുള്ള കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖാന്തിരമാണ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. |
| (ഡി) | ഗ്രാമീണ റോഡുകളുടെയും മലയോര പാതകളുടെയും കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തി മാത്രമേ റോഡ് നിർമ്മിക്കുവാൻ അനുമതി നൽകാവൂ എന്ന് നിഷ്കർഷിക്കുമോ? | (ഡി) | മലയോര പാതയുടെ ഡി.പി.ആർ തയ്യാറാക്കുന്നത് വിശദമായ ശാസ്ത്രീയ പഠനം നടത്തിയശേഷം മാത്രമാണ്. ഗ്രാമീണ റോഡുകൾ ഒന്നും തന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നാണ് സർക്കാർ തീരുമാനം. |



സെക്ഷൻ ഓഫീസർ